(എ) ത്രിതല പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പരിപാടി പ്രകാരം വർക്കുകൾ നടത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തി;

(സി) ഇവയിൽ ഏതെല്ലാം ശരിയാണെന്ന് തെളിഞ്ഞു;

(ഡി) വർക്കുകൾ നടത്തുന്നതിന് ജനകീയാസൂത്രണ കമ്മിറ്റികൾ രൂപീകരിക്കാതെ ബിനാമി പ്രവർത്തനം നടത്തിയവരുടെ മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) പരാതിയുടെ സ്വഭാവമനുസരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ജില്ലാ കലക്ടർമാർ, ഗവൺമെന്റ് സെക്രട്ടറി എന്നിവർ അന്വേഷണങ്ങൾ നടത്തിവരുന്നു. അന്വേഷണ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

112 (1338) പോസ്റ്റൽ വോട്ട്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പിന് പോസ്റ്റൽ വോട്ട് ചെയ്യാൻ അർഹതയുള്ളത് ഏതെല്ലാം വിഭാഗത്തിലാണ്;

(ബി) അംഗവൈകല്യമുള്ളവർക്ക് പോളിംഗ് ബൂത്തിൽ എത്താനുള്ള ബുദ്ധിമുട്ട് പരിശോധിച്ച് ആ വിഭാഗത്തിന് പോസ്റ്റൽ വോട്ട് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) 1995-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 21-ാം ചട്ടത്തിൽ പരാമർശിക്കുന്ന തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കു മാത്രമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ടു ചെയ്യാൻ അർഹതയുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

113 (1339) അരുവാപ്പുലം പഞ്ചായത്തിലെ അഴിമതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ മണൽ വാരാൻ അനുമതി നൽകിയതിലും, ജനകീയാസൂത്രണ പദ്ധതിപ്രകാരം പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങിയതിലും

LIBRARY ARCHIVES Kerala Legislative Assembly